(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്കാണ് നിയമനം നൽകിയത് ;

(സി) ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ; സ്കൂൾ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമോ ;

(ഡി) എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി നോക്കുന്നുണ്ട് ;

(ഇ) എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുള്ള മുഴുവൻ തസ്തികയിലേക്കും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16-9-2002-ൽ.

(ബി) 56 പേർക്ക്.

(സി) ജില്ലയിൽ ഇപ്പോൾ 567 എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികകളാണ് ഒഴിവുള്ളത്. സ്കൂൾ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് സംബന്ധമായ വിവരം ശേഖരിച്ചുവരുന്നു.

(ഡി) താൽക്കാലിക അടിസ്ഥാനത്തിൽ ആരും ജോലി നോക്കുന്നില്ല. എന്നാൽ 19-6-2003-ലെ ജി.ഒ.(പി) 166/പൊ.വി. ഉത്തരവ് പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്താൻ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഈ അദ്ധ്യയന വർഷം നിലവിൽ വന്ന ഒഴിവുകളുടെ 65 ശതമാനം ആയ, 221 വേക്കൻസികളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

144 (1455) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) 2003 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ കണ്ണൂർ ജില്ലയിൽ എത്ര എൽ. പി./യു.പി. സ്കൂൾ അദ്ധ്യാപകർ റിട്ടയർ ചെയ്യുമെന്ന് അറിയിക്കാമോ ;

(ബി) എത്രപേർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ട് ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29 പേർ.

(ബി) 56 പേർക്ക്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

എൽ.പി./യു.പി. അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ്

145 (1456) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി./യു.പി. അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം കണ്ണൂർ ജില്ലയിൽ എത്രപേരെ നിയമിച്ചു എന്നറിയിക്കാമോ ;

(ബി) എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ; അതിൽ എത്രയെണ്ണം പി.എസ്.സി.- യെ അറിയിച്ചിട്ടുണ്ട് ;

(സി) എൽ.പി./യു.പി. സ്കൂളുകളിലായി എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇപ്പോൾ ജോലി ചെയ്തുവരുന്നു ;

(ഡി) റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കരുതെന്ന് നിർദ്ദേശം നിയമനാധികാരികൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 60 പേരെ നിയമിച്ചു.

(ബി) 25 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി. യെ അറിയിച്ചിട്ടില്ല.

(സി) 80 അദ്ധ്യാപകർ.

(ഡി) നൽകിയിട്ടില്ല.

അശോകൻ കമ്മീഷൻ റിപ്പോർട്ട്

146 (1457) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച അശോകൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly